12. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള പദ്ധതി.

13. ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

14. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ധനസഹായം നൽകുന്ന പദ്ധതി.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി)	2011-12 (ലക്ഷത്തിൽ)	955.99
	2012-13 (ലക്ഷത്തിൽ)	126.80
	2013-14 (ലക്ഷത്തിൽ)	4814.95
	ആകെ	5897.74

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

198 (1636) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ 2013-14 സാമ്പത്തിക വർഷം നിർമ്മിക്കാൻ ധനസഹായം നല്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം എത്ര വീടുകൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ-സി) ഉണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹബന്ധം വേർപെടുത്തിയവർക്കുമായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലേക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും തുക പൂർണ്ണമായും ജില്ലാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കളക്ടർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലായി 950 വീടുകൾ (വീടൊന്നിന് 2 ലക്ഷം രൂപ ധനസഹായം) നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ 14 ജില്ലകളിലായി 249 വീടുകൾ അനുവദിച്ചിട്ടുണ്ട്.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

199 (1637) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ മുഖേന ലഭ്യമാക്കുന്ന വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനും അപേക്ഷകൾ കൃത്യതയോടെ സമർപ്പിക്കുന്നതിനും സഹായകമായ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ ഫണ്ട് മാത്രം വിനിയോഗിച്ച് ബിരുദ പഠനം മുതൽ ഉന്നത വിദ്യാഭ്യാസം തേടുന്ന സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടി പഠിക്കുന്നവരുമായ മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ, പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കാണ് സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് നൽകിവരുന്നത്. വാർഷിക വരുമാനം 4.50 ലക്ഷം രൂപ കവിയാത്തവർക്കാണ് അർഹത.

2. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ഫൗണ്ടേഷൻ, കോമൺ, പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 6000 രൂപയും ഇന്റർമീഡിയറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12000 രൂപ വീതവും സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് 1 ലക്ഷം രൂപ ഫെല്ലോഷിപ്പും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly